ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. വോട്ടെടുപ്പിന് ഇനി 9 നാൾ മാത്രം.
   **Election campaigning intensifies in Kerala with only 9 days left for polling.**

2. അവശ്യ സർവീസ് വിഭാഗത്തിൽപ്പെട്ട വോട്ടർമാർക്കായി പോസ്റ്റൽ വോട്ടിംഗ് കേന്ദ്രങ്ങളുടെ പട്ടികയും സമയക്രമവും പ്രസിദ്ധീകരിച്ചു. ഇന്ന് മുതൽ ഏപ്രിൽ ആറ് വരെ വോട്ട് രേഖപ്പെടുത്താം.
   **Postal voting for essential services begins today; votes can be cast until April 6.**

3. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ കർണാടക, ബിഹാർ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. നാളന്ദ സർവകലാശാലയിലെ ബിരുദ ദാന ചടങ്ങിൽ രാഷ്ട്രപതി സംബന്ധിക്കും.
   **President Droupadi Murmu to begin Karnataka and Bihar visit today.**

4. 2027 ലെ ജനസംഖ്യ കണക്കെടുപ്പ് രാജ്യത്ത് നാളെ മുതൽ ആരംഭിക്കും. രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ്.
   **India's 2027 National Population Census to kick off tomorrow.**

5. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോൾ, ഡീസൽ, ഗാർഹിക എൽ.പി.ജി എന്നിവയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്ന് കേന്ദ്ര പെട്രോളിയം മന്ത്രാലയം.

**Petroleum Ministry assures steady fuel supply amid Middle East conflict.**

6. ഐ.പി.എൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസിന് എട്ട് വിക്കറ്റ് ജയം.
   **In IPL cricket, Rajasthan Royals clinch 8-wicket victory over Chennai Super Kings.**

❁❁❁❁❁❁❁❁❁❁❁❁❁

## INSOLVENCY AND BANKRUPTCY CODE BILL

ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി കോഡ് (ഭേദഗതി) ബിൽ - ലോക്സഭ ഇന്നലെ ശബ്ദ വോട്ടോടെ പാസാക്കി. നടപടി സംബന്ധമായ കാലതാമസങ്ങളും വ്യാഖ്യാന പ്രശ്നങ്ങളും പരിഹരിക്കുന്നതിനാണ് 2016 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി കോഡ് ഭേദഗതി ചെയ്ത് പുതിയ ബിൽ കൊണ്ടുവന്നത്. കേന്ദ്ര സായുധ പോലീസ് സേന ജനറൽ അഡ്മിനിസ്ട്രേഷൻ ബിൽ രാജ്യസഭ പരിഗണിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION CAMPAIGN

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജിതമായി തുടരുന്നു. വോട്ടെടുപ്പിന് ഇനി 9 ദിവസം മാത്രമാണ് അവശേഷിക്കുന്നത്. എൽഡിഎഫിൻറെ പ്രചാരണാർത്ഥം മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് തിരുവനന്തപുരം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും. NDA യ്ക്കുവേണ്ടി ഖുശ്ബു സുന്ദർ ഇന്ന് കോഴിക്കോട് ജില്ലയിലെ മാവൂർ റോഡിൽ നിന്ന് പ്രചാരണ പരിപാടിയിൽ പങ്കെടുക്കും. UDF ന് വേണ്ടി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് കണ്ണൂരിൽ പ്രചാരണം

നടത്തും. മൂന്ന് മുന്നണികളിൽ നിന്നുമുള്ള പ്രമുഖ നേതാക്കൾ വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിനു പുറമേ പുതുച്ചേരിയിലും അസമിലും ഏപ്രിൽ ഒമ്പതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH SINGH – TVM

കേന്ദ്ര മന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ രാജ്നാഥ് സിംങ്ങിന്റെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നാളെയും മറ്റെന്നാളും ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിലും നിയന്ത്രണമുണ്ട്. വിമാനത്താവളത്തിലേക്കും, റെയിൽവെ സ്റ്റേഷനിലേക്കും വരുന്ന യാത്രക്കാർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതാണെന്ന് തിരുവനന്തപുരം സിറ്റി ട്രാഫിക് പൊലീസ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## HOME VOTING STARTED

മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ എന്നിവർക്ക് നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് സഹായിക്കുന്ന 'ഹോം വോട്ടിംഗി'ന് സംസ്ഥാനത്ത് തുടക്കമായി. വോട്ടർ പട്ടികയിൽ 85 വയസിന് മുകളിൽ പ്രായമായവർ, ഭിന്നശേഷിക്കാർ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള, 12 ഡി ഫോമിൽ അപേക്ഷിച്ചവർക്കാണ് ഹോം വോട്ടിംഗിനുള്ള പോസ്റ്റൽ ബാലറ്റ് ലഭ്യമാക്കുന്നത്.

## ESSENTIAL SERVICE VOTE

നിയമസഭാ പൊതുതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് അവശ്യ സർവീസ് വിഭാഗത്തിൽപ്പെട്ട വോട്ടർമാർക്കായി പോസ്റ്റൽ വോട്ടിംഗ് കേന്ദ്രങ്ങളുടെ പട്ടികയും സമയക്രമവും പ്രസിദ്ധീകരിച്ചു. ഫയർഫോഴ്സ്, എക്സൈസ്, കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി, റെയിൽവേ, ബി.എസ്.എൻ.എൽ, മാധ്യമപ്രവർത്തകർ തുടങ്ങി തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്ത വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ഈ സൗകര്യം ലഭിക്കുക. ഇന്നു മുതൽ ഏപ്രിൽ ആറ് വരെ വോട്ടിങ്ങ് കേന്ദ്രത്തിൽ നേരിട്ടെത്തി വോട്ട് രേഖപ്പെടുത്താം.

## PUDUCHERY

പുതുച്ചേരിയിലും തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, നടൻ വിജയ്, മുതിർന്ന കോൺഗ്രസ് നേതാവ് മുകുൾ വാസ്നിക് തുടങ്ങിയവർ വരും ദിവസങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കായി എത്തും.

## ELECTION NOTIFICATION

തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിനും, പശ്ചിമ ബംഗാളിലെ ഒന്നാം ഘട്ട തെരഞ്ഞെടുപ്പിനുമുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം ആരംഭിച്ചു. തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിലും ഏപ്രിൽ 23-ന് ഒറ്റഘട്ടമായിട്ടാണ് വോട്ടെടുപ്പ് നടക്കുന്നത്. പശ്ചിമ ബംഗാളിൽ 152 മണ്ഡലങ്ങളിലേക്കാണ് 23-ന് വോട്ടെടുപ്പ്.

## PREZ-BIHAR KARNATAKA VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ കർണാടക, ബിഹാർ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ബിഹാറിലെ രാജ് ഗിറിൽ നാളന്ദ സർവകലാശാലയിൽ നടക്കുന്ന ബിരുദ ദാന ചടങ്ങളിൽ രാഷ്ട്രപതി സംബന്ധിക്കും. നാളെ കർണ്ണാടകയിലെ തുംകുരുവിലെ ശ്രീ സിദ്ധഗംഗ മഠത്തിൽ ശ്രീ ശ്രീ ശിവകുമാര മഹാസ്വാമിജിയുടെ ഗുരുവന്ദന ചടങ്ങിലും 119-ാമത് ജയന്തി ആഘോഷത്തിലും രാഷ്ട്രപതി പങ്കെടുക്കും.

## PM - NETHERLANDS PM

പ്രധാനമന്ത്രി നരേന്ദ്ര മോദി നെതർലൻറ്സ് പ്രധാനമന്ത്രി റോബ് യെറ്റനുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യ – നെതർലൻഡ്സ് ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടത്തിയതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. അർദ്ധചാലകം, ജലവൈദ്യുത പദ്ധതികൾ, ഗ്രീൻ ഹൈഡ്രജൻ, ടാലന്റ് മൊബിലിറ്റി തുടങ്ങിയ മേഖലകളിലെ പങ്കാളിത്തത്തിന്റെ സാധ്യതകളെക്കുറിച്ചും പശ്ചിമേഷ്യയിലെ സ്ഥിതിഗതികളെക്കുറിച്ചും ഇരു നേതാക്കളും ചർച്ച നടത്തി.

## CENSUS 2027 BYTE (INTRO)

2027 ലെ ജനസംഖ്യ കണക്കെടുപ്പ് രാജ്യത്ത് നാളെ മുതൽ ആരംഭിക്കും. രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ് നടപ്പാക്കുക.

വിശദാംശങ്ങളിലേക്ക്.....

(ഹോൾഡ് വോയ്സ്.........)

## CENSUS 2007 (VOICE)

രാജ്യത്തെ 16-ാമത് സെൻസസും, സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ എട്ടാമത്തെ സെൻസസും ആണിത്. ഡിജിറ്റൽ രീതിയിലായിരിക്കും സെൻസസ് നടപ്പാക്കുകയെന്ന് ഇന്ത്യൻ രജിസ്ട്രാർ ജനറലും സെൻസസ് കമ്മീഷണറുമായ മൃത്യുഞ്ജയ് കുമാർ നാരായണൻ ന്യൂഡൽഹിയിൽ പറഞ്ഞു.

മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള വിവരശേഖരണത്തിന് പുറമേ, പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ നൽകാനാകുന്ന സെൽഫ്-എന്യൂമറേഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ, വീടുകളുടെ പട്ടികപ്പെടുത്തലും സ്വയം പേരുചേർക്കലും നടക്കും.ജാതി സെൻസസ് രണ്ടാം ഘട്ടത്തിലായിരിക്കും നടക്കുക.

ന്യൂസ് ഡെസ്ക് ആകാശവാണി.........

## SPAIN AIRSPACE BAN

ഇറാനെതിരായ ആക്രമണങ്ങളിൽ ഉൾപ്പെട്ട യു.എസ് വിമാനങ്ങൾ ക്കുള്ള വ്യോമാതിർത്തി അടച്ച് സ്പെയിൻ. നേരത്തെ സംയുക്ത സൈനിക താവളങ്ങൾ ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയ നിരോധനത്തിന് പിന്നാലെയാണ് ഇപ്പോൾ വ്യോമാതിർത്തി പൂർണ്ണമായി അടച്ചത്. ഇതോടെ പശ്ചിമേഷ്യൻ ലക്ഷ്യസ്ഥാനങ്ങളിലേക്ക് പോകുന്ന യു.എസ് യുദ്ധവിമാനങ്ങൾക്ക് നാറ്റോ സഖ്യകക്ഷിയായ സ്പെയിനെ ഒഴിവാക്കി ദീർഘദൂര പാതകൾ സ്വീകരിക്കേണ്ടി വരും. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ ഈ നിയന്ത്രണം ബാധകമല്ല.

## SUJATA SHARMA BYTE ON PETROL (INTRO)

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോൾ, ഡീസൽ ലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും, ഇന്ധന വില ഉയരാതിരിക്കാൻ നടപടി സ്വീകരിച്ചതായും കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ. ഗാർഹിക എൽപിജി വിതരണവും, ഗതാഗത ആവശ്യങ്ങൾക്കുള്ള സിഎൻജി വിതരണവും 100 ശതമാനം ഉറപ്പാക്കിയതായും ശ്രീമതി സുജാത ശർമ പറഞ്ഞു.

രാജ്യത്ത് രാസവള ശേഖരം മതിയായ അളവിലുണ്ടെന്ന് രാസവള വകുപ്പ് അഡീഷണൽ സെക്രട്ടറി അപർണ ശർമ വ്യക്തമാക്കി. രാജ്യത്തെ യൂറിയ ഉത്പാദന കേന്ദ്രങ്ങൾ 80 ശതമാനം ശേഷിയിൽ പ്രവർത്തിക്കുന്നതായും പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ നടത്തിയ അന്തർ മന്ത്രാലയ വാർത്ത സമ്മേളനത്തിൽ അവർ പറഞ്ഞു.

കുവൈറ്റിലുണ്ടായ ആക്രമണത്തിൽ കൊല്ലപ്പെട്ട ഒരു ഇന്ത്യക്കാരൻറെ ഭൗതിക ദേഹം എത്രയും വേഗം തിരികെയെത്തിക്കാനുള്ള നടപടികൾ തുടരുന്നതായി വിദേശകാര്യ മന്ത്രാലയ ജോയിൻറ് സെക്രട്ടറി അസിം മഹാജൻ വ്യക്തമാക്കി. മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കാണ് സർക്കാർ മുഖ്യ പരിഗണന നൽകുന്നതെന്നും അദ്ദേഹം വ്യക്താമാക്കി.

(ഹോൾഡ് വോയ്സ്........)

## LPG WAR ROOM

സംസ്ഥാനത്ത് LPG, PNG -സിറ്റി ഗ്യാസ്, പെട്രോൾ, ഡീസൽ എന്നിവയുടെ വിതരണം നിരീക്ഷിക്കുന്നതിനായി

സെക്രട്ടേറിയറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന LPG വാർ റൂം പ്രവർത്തനം ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികളും നിർദ്ദേശങ്ങളും 1800 425 0290 എന്ന ടോൾ ഫ്രീ നമ്പരിൽ അറിയിക്കാവുന്നത്.

## MAHAVIR JAYANTI

ജൈനമതത്തിലെ അവസാനത്തെ തീർത്ഥങ്കരനായ വർദ്ധമാന മഹാവീരന്റെ ജന്മവാർഷികമായ ഇന്ന് രാജ്യം മഹാവീർ ജയന്തി ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങൾക്ക് മഹാവീർ ജയന്തി ആശംസകൾ നേർന്നു. മഹാവീരൻ വിഭാവനം ചെയ്ത അഹിംസ, സത്യം, ബ്രഹ്മചര്യം, തുടങ്ങിയ തത്വങ്ങൾ ജീവിതത്തിൽ ശരിയായ പാതയിലൂടെ സഞ്ചരിക്കാൻ എല്ലാവർക്കും പ്രചോദനമാകുമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

## IPL RESULT

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസ് ചെന്നൈ സൂപ്പർ കിംഗ്സിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി. ചെന്നൈ ഉയർത്തിയ 128 റൺസ് വിജയലക്ഷ്യം പിന്തുടർന്ന രാജസ്ഥാൻ 12.1 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. 17 പന്തിൽ 52 റൺസ് നേടിയ വൈഭവ് സൂര്യവംശിയാണ് രാജസ്ഥാന്റെ ടോപ് സ്കോറർ. ചെന്നൈക്കായി അൻഷുൽ കാംബോജ് രണ്ട് വിക്കറ്റുകൾ വീഴ്ത്തി. ടോസ് നേടിയ രാജസ്ഥാൻ ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ആദ്യം ബാറ്റ് ചെയ്ത ചെന്നൈ 19.4 ഓവറിൽ 127 റൺസിന് എല്ലാവരും പുറത്തായി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸

बहुजनहिताय बहुजनसुखाय
आकाशवाणी